പതിനാലാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3446*** ***20.06.2018 ലെ മറുപടിക്ക്***

***വ്യാജ റിക്രൂട്ട്മെന്റും വിസ തട്ടിപ്പും തടയുന്നതിന് നടപടി***

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. രാജു എബ്രഹാം**<br>**ശ്രീ. എം. സ്വരാജ്**<br>**ശ്രീ. പി. കെ. ശശി**<br>**ശ്രീ. പി. ടി. എ. റഹീം** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണം, വിസ തട്ടിപ്പ് എന്നിവ തടയുന്നതിന് "വിസ തട്ടിപ്പിനെതിരെയുള്ള ബോധവൽക്കരണം" എന്ന പദ്ധതിയും പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലനവും നോർക്ക റൂട്ട്സ് നടത്തി വരുന്നു. രജിസ്റ്റർ ചെയ്യാത്ത റിക്രൂട്ടിംഗ് ഏജന്റിനെതിരെ പരാതി ലഭിക്കുന്ന പക്ഷം പോലീസ് വഴി അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരുന്നു. രജിസ്റ്റർ ചെയ്ത റിക്രൂട്ടിംഗ് ഏജന്റിനെതിരെ പരാതി ലഭിക്കുന്നപക്ഷം 1983 ലെ ഇമിഗ്രേഷൻ ആക്റ്റ് പ്രകാരം പ്രൊട്ടക്റ്റർ ഓഫ് ഇമിഗ്രന്റ്സ് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഇവയ്ക്കെതിരെ വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് നടത്തിവരുന്നത്; | (ബി) വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണം, വിസ തട്ടിപ്പ് എന്നിവ തടയുന്നതിന് ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പ് മുഖാന്തിരം ദൃശ്യ, ശ്രാവ്യ, പത്ര മാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചാരണ പരിപാടികൾ നോർക്ക റൂട്ട്സ് നടത്തിവരുന്നു.കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമായി |

ചേർന്ന് പ്രൊട്ടക്ടർ ഓഫ് ഇമിഗ്രന്റ്സിന്റെ മേൽനോട്ടത്തിൽ പ്രിന്റ്, ടെലിവിഷൻ, ആൾ ഇന്ത്യ റേഡിയോ എന്നിവ വഴി ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു.

(സി) സംസ്ഥാനത്ത് നിന്ന് വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്ന ഉദ്യോഗാർത്ഥികൾക്കായി പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് നിന്ന് വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്ന ഉദ്യോഗാർത്ഥികൾക്കായി പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നടത്തിവരുന്നുണ്ട്.

(ഡി) ഈ മേഖലയിൽ നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ഡി) പ്രവാസി മലയാളികളെക്കുറിച്ചുള്ള സർവ്വേ, ഓൺലൈൻ ഡാറ്റാബേസിന്റെ രൂപീകരണം, റിക്രൂട്ട്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കൽ, ലോകകേരളസഭ, ഗ്ലോബൽ കൾച്ചറൽ ഫെസ്റ്റ്, നോർക്ക റൂട്ട്സ് ജില്ലാ ഓഫീസുകളുടെ ശക്തിപ്പെടുത്തലും വിപുലീകരണവും, പ്രവാസി ലോട്ടറി, എമർജൻസി ആംബുലൻസ് സർവ്വീസ്, മടങ്ങിയെത്തിയ പ്രവാസികൾക്കായുള്ള വായ്പാപദ്ധതിയുടെ വിപുലീകരണം, നിലവിലുള്ള പദ്ധതികളുടേയും പരിപാടികളുടേയും വിപുലീകരണം എന്നിവയാണ് ഈ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിപുലീകരണ പരിപാടികൾ.

സെക്ഷൻ ഓഫീസർ